## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 470 — 01.07.2013 ൽ മറുപടിയ്ക്ക്

### പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.രാജു എബ്രഹാം | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനം നേരിടുന്ന മുഖ്യ പാരിസ്ഥിതീക പ്രശ്നങ്ങളെക്കുറിച്ചും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതായി കണ്ടെത്തിയ പ്രശ്നങ്ങൾ എന്തൊക്കെയാണ്; അതിനായി കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഈ വർഷത്തെ പദ്ധതികളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിലെ പുരോഗതി സംബന്ധിച്ചും ബജറ്റിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) ജലമലിനീകരണം, ജൈവ വൈവിധ്യശോഷണം, പാറ/മണൽ ഖനനം, ജലസ്രോതസ്സുകളുടെ നശീകരണം, അമിതമായ രാസ കീടനാശിനി ഉപയോഗം എന്നിവയാണ് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതായ പാരിസ്ഥിതിക പ്രശ്നങ്ങൾ.<br>ഈ പ്രശ്നങ്ങൾ നേരിടുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിൽ ഈ സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്.<br>1. അന്താരാഷ്ട്ര ജലസഹകരണ വർഷം പ്രമാണിച്ച് സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു കുളമെങ്കിലും സംരക്ഷിക്കാനുള്ള പ്രത്യേക പരിസ്ഥിതി സംരക്ഷണ പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>2. വനസംരക്ഷണ പദ്ധതികൾ കൂടാതെ, ജൈവവൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവ |

അവരവരുടെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

3. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി, വേമ്പനാട് കായലിന്റെ സംരക്ഷണത്തിനു പദ്ധതി തയ്യാറാക്കി വരുന്നു.

4. പെരിയാർ, ഭാരതപ്പുഴ, കരമന, അച്ചൻകോവിൽ, പമ്പ, മണിമല, കൊടൂർ, മീനച്ചിൽ നദികളുടെ സംരക്ഷണത്തിനായി പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

5. വെള്ളായണി, അഷ്ടമുടി, കവ്വായി കായലുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു. ശാസ്താംകോട്ട തടാക സംരക്ഷണത്തിനുള്ള പദ്ധതി കേന്ദ്ര ധനസഹായത്തിന് സമർപ്പിച്ചു.

6. നദികളെ മാലിന്യമുക്തമാക്കുന്നതിനായി എല്ലാ ജില്ലകളിലും സെപ്റ്റേജ്/ സ്വീവേജ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നു.

7. ശബരിമലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതാണ്.

8. പൊതു ബയോമെഡിക്കൽ വേസ്റ്റ്, മറ്റ് പൊതുമാലിന്യ സംസ്ക്കരണ സംരഭങ്ങൾക്കായി 2013-14 ൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

10. കാസർഗോഡ് ജില്ലയെ ജൈവജില്ലയാക്കുന്നതിനുള്ള പദ്ധതിയ്ക്കായി 2013-14 ൽ 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

11. 2016 ഓടെ കേരളത്തെ ജൈവകൃഷി സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി പ്രോത്സാഹിപ്പിച്ച ഒരു ആഗോള 'കേരള ബ്രാൻഡ്' വികസിപ്പിക്കുന്നതിനായി 2013-14 ൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

12. ഹൈടെക് കൃഷിരീതികളും

ജൈവകൃഷിയും പ്രോത്സാഹിപ്പിച്ച് പരിസ്ഥിതി സംരക്ഷണം കൈവരിക്കുന്നതിനുള്ള 'ഹരിത ഗ്രാമങ്ങൾ' പദ്ധതിയ്ക്ക് 2013-14 ൽ 42 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

13. സംസ്ഥാനമൊട്ടാകെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2013-14 ൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14. സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ടുള്ള് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനായി 75 ലക്ഷം രൂപയുടെ പദ്ധതി സെസ്സ് നടപ്പാക്കി വരുന്നു.

15. അർബൻ മേഖലകളിൽ മാലിന്യ സംസ്ക്കരണ പദ്ധതികൾക്കായി 33.55 കോടി രൂപയും ശുചിത്വകേരളം പദ്ധതിയ്ക്കായി 12 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 5 കോടിയും സിറ്റി സാനിട്ടേഷൻ പദ്ധതിയ്ക്ക് 80 ലക്ഷവും നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയ്ക്ക് 40 കോടിയും വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ